# അറിയാത്ത ന്യൂയോർക്ക്

ന്യൂയോർക്കിന് ഇരുണ്ട ഒരു മുഖം കൂടിയുണ്ട് വൃത്തികെട്ട തെരുവുകളും പിടിച്ചുപറിയും കൊള്ളയും നടക്കുന്ന ഇരുണ്ട റോഡുകളും പുറത്തുള്ളവർ അറിയാത്തവയാണ്.

മധുനായർ

ന്യൂയോർക്ക് നഗരം അമേരിക്കയുടെ ഇതര ഭാഗങ്ങളുമായി വലിയ സാമ്യം ഒന്നും കാണിക്കുന്നില്ല. വൃത്തികെട്ട തെരുവുകളും കുഴിയും കുണ്ടും നിറഞ്ഞ റോഡുകളും ഇവ്വിടെ സർവ്വസാധാരണമാണ്. നഗരത്തിന്റെ ചില ഭാഗങ്ങളിലെ ജീവിതം തികച്ചും ഭയാനകം. പിടിച്ചുപറിയും കൊള്ളയും അത്രയധികമാണിവിടെ. എന്നാൽ അമേരിക്കയുടെ സാംസ്ക്കാരിക ഹൃദയമാണിത്. ലോകപ്രസിദ്ധമായ ബ്രോഡ്‌വേ തീയറററും റേഡിയോ സിററി മ്യൂസിക് ഹാളുമൊക്കെ ന്യൂയോർക്കിന്റെ ഭാഗമാണല്ലോ.

നഗരവാസികളുടെ ഘടന ഏവരുടേയും കൗതുകം ഉണർത്തും. ഒരു കോടിയോളം വരുന്ന ജനസംഖ്യയിൽ അമ്പതിൽപ്പരം വിവിധ രാജ്യങ്ങളിൽനിന്നും വന്നവരുണ്ടാകാം. തെരുവിൽ കാണുന്ന ഒരാളോട് സംസാരിക്കാൻ മുതിർന്നാൽ ഒരു "അക്സന്റോടെ" അയാൾ മറുപടി പറയുന്നതു കാണാം. ചുരുക്കത്തിൽ ശരിക്കുമുള്ള ഒരു ആംഗ്ലോസാക്സനെ ഈയാൾക്കൂട്ടത്തിൽനിന്നു വേർതിരിച്ചെടുക്കാൻ പ്രയാസമാണ്.

തെക്കൻ ഇററലിക്കാർ ന്യൂയോർക്കിലെ "മാഫിയ" നിയന്ത്രിക്കുന്നുവെങ്കിൽ യഹൂദൻമാർ നഗരത്തിന്റെ സാമ്പത്തികച്ചരടുകൾ മുഴുവൻ വലിക്കുന്നതായിക്കാണാം. പത്രലോകം മുതൽ ആശുപത്രിവരെ അവരുടെ കുത്തകയാണ്. ഇസ്രായേലിൽ നടക്കുന്ന കാര്യങ്ങൾ ഈ നഗരം അതിന്റെ ആഭ്യന്തര കാര്യമായിട്ടുതന്നെകാണുന്നു. അതിനുദാഹരണമാണ് ഈയ്യിടെ ഐക്യരാഷ്ട്രസഭയിലുണ്ടായ ഒരു വോട്ടെടുപ്പും നഗരത്തിന്റെ പ്രത്യാഘാതവും.

നഗരത്തിന്റെ കിഴക്കൻ നദിയെ നോക്കിനിൽക്കുന്ന ഐക്യരാഷ്ട്രസഭാ മന്ദിരത്തിനടുത്തൊരു ചുവരുണ്ട്. ഓൾഡ് ടെസ്റ്റ്മെന്റിലെ ഇശെയ്യാവു പ്രവാചകൻ ലോകരാഷ്ട്രങ്ങളോട്, ഒരിക്കലും വാളെടുക്കുവാൻ ഇടയാക്കരുതെന്നരുളുന്ന ഒരുവാചകം ഈ ചുവരിൽ കൊത്തിവെച്ചിട്ടുള്ളതിനാൽ ഇതിനെ "ഇശെയ്യാവു ചുവർ" എന്നാണ് വിളിക്കുക. ഇസ്രായേൽ സിറിയായുടെ ഭാഗമായ ഗോലാൻ കുന്നുകൾ സ്വന്തമാണെന്നു പ്രഖ്യാപിച്ചതിൽ പ്രതിഷേധിച്ച് ഐക്യരാഷ്ട്ര സംഘടനയിലെ ഭൂരിപക്ഷം അംഗങ്ങൾ ഒരു റസലൂഷൻ പാസ്സാക്കിയിരുന്നല്ലോ. ഒരു ജൂത രാഷ്ട്രത്തെയിങ്ങിനെ ലോകസഭ കുററംപറയുന്നത് നഗരത്തിലെ ജൂത ദിവ്യൻമാർക്കെന്നല്ല ജൂതനല്ലാത്ത മേയർ കോളിനുപോലും സഹിച്ചില്ല. മേയർ പ്രതികാരം തീർക്കാൻ പോകുന്നത് ഇശെയ്യാ ചുവരിനോടാണ്. അതിലെ വാചകങ്ങൾ തിരുത്തി "ഇരട്ടത്താപ്പുനയം, അസാൻമാർഗ്ഗികത്വം, ഭീരുത്വം" എന്നീ വാക്കുകൾകൂടേ അറബിരാജ്യങ്ങളെ ഉദ്ദേശിച്ച് എഴുതിച്ചേർക്കുവാൻ മേയർ തീരുമാനിച്ചിരിക്കുന്നു.

ന്യൂയോർക്ക് മേയറുടെ ബാലിശമായ നടപടി അമേരിക്ക ഐക്യരാഷ്ട്രസഭയെ വീക്ഷിക്കുന്നതിന്റെയൊരു ചെറിയ പ്രതിഫലനം മാത്രമാണ്. "നമ്മുടെ മുററത്ത് വന്നിരുന്ന് നമ്മെ തെറിപറയാൻ ഇവർ ആര്" എന്ന ചിന്താഗതിയാണ് ഭരണകൂടത്തിനുള്ളത്. ഇതൊരു ലോകസംഘടനയാണെന്നും ഈ രാജ്യം അതിലൊരംഗം മാത്രമാണെന്നും എത്ര അമേരിക്കക്കാർ ഓർക്കുന്നു? വിമർശനം ആഭ്യന്തര കാര്യങ്ങളിൽ ദൈവികമായി കാണുന്ന അമേരിക്ക അത് പുറത്തുനിന്നും ഉണ്ടാകുമ്പോൾ മുക്രികാളയെപ്പോലെ വിരണ്ടോടുന്നു.